**From:** "Madan Mohan" <madan.mohan@eim.ae>
**To:** "Madan Mohan" <madan.mohan@eim.ae>
**Sent:** Saturday, January 10, 2009 3:29 PM
**Subject:** Manalaaranyakaandam-6

# മണലാരണ്യ കാണ്ഡം (ഭാഗം - 6)

## (CETA CARNIVAL - 2009)

ടൈറ്റാനിക് മുങ്ങുമ്പോൾ "ഖല്ലീ ... വല്ലീ ......ഈ ... ഈ ... " എന്ന ചൈനീസ് പാട്ട് പാടി രസിച്ച ഒരു പറ്റം സായിപ്പന്മാരുടെ ജീൻ(സ്) CETA അംഗങ്ങൾക്കും കിട്ടിയിരിക്കുന്നോ എന്നു സംശയം. അല്ലെങ്കിൽ സാമ്പത്തിക മാന്ദ്യം മൂലം സാമ്പാറുണ്ടാക്കുന്നതുപോലും നിർത്തിവച്ചിരിക്കുന്ന ഈ അവസരത്തിൽ ഇങ്ങനെ ഒരു അടിപൊളി പരിപാടി വേറേ ആരെങ്കിലും സംഘടിപ്പിക്കുമോ? .

ടെന്നിയുടെ participant's list കോവളവും കന്യാകുമാരിയും കടന്നു വ്യാളി കടാപ്പുറത്തേക്കു നീങ്ങിക്കൊണ്ടിരിക്കുന്നതിനിടെ, കമലു ഞാൻ അറിയാതെ ലിസ്റ്റ് സ്കാൻ ചെയ്ത് സാറാമ്മ മേനോൻ ഇല്ല എന്ന് ഉറപ്പു വരുത്തിക്കൊണ്ടും ഇരുന്നു.
"ഇന്നേതായാലും ഞാനില്ല"...... "ഇച്ചായനും പിള്ളാരും പൊയ്ക്കോ" ഹൊ കമലുവിന്റെ NOC കിട്ടി.
സത്യം പറയണമല്ലോ; അഭയക്കേസിൽ ഞാൻ കുറ്റക്കാരൻ അല്ല എന്നു CBI യും CPM ഉം വിധി എഴുതിയപ്പോൾ മുതൽ, ..."ഇത്രയും നാൾ വെറുതേ തങ്കം പോലത്തെ ഈ മനുഷ്യനേ ആണല്ലോ സംശയിച്ചത്"...... എന്ന കുറ്റബോധം കമലുവിൽ ഉടലെടുത്തു തുടങ്ങിയിരുന്നു.
"ഭാര്യമാരായാൽ ഇങ്ങനെ വേണം". "എല്ലാ ഭാര്യമാരും കണ്ടു പഠിക്ക്" എന്നു അഭിമാനത്തോടെ തലയുയർത്തി അനൗൺസ് ചെയ്യാൻ തുടങ്ങുമ്പോൾ ആണ് അതെന്റെ ശ്രദ്ധയിൽ പെട്ടത്......
"എന്റെ 'സ്വന്തം' മാനസപുത്രി" കണ്ടു കരഞ്ഞുകലങ്ങിയ കണ്ണുകളുമായി കമലു ചെന്ന് മൂത്തമകൻ N.രാവൺ കുമാറിന്റെ ചെവിയിൽ രഹസ്യമായി എന്തോ ഓതിക്കൊടുക്കുന്നു.
ഞാൻ കർട്ടനു മറഞ്ഞു നിന്നു ശ്രദ്ധിച്ചു........... "മോനേ അപ്പന്റെ മേലൊരു കണ്ണു വേണം"......
രക്ഷയില്ല. നമ്മുടെ കലാ പരിപാടികൾ അതേപടി തിരികെവന്ന് ഇവിടെ വിളമ്പിയതു തന്നെ.
ഇളയ സന്തതി M.കുംഭകർണകുമാറിനെ കിറ്റ് കാറ്റ് കാട്ടി വരുതിയിലാക്കാം..... പക്ഷേ മൂത്തവൻ "മുൻപേയുണ്ടായവൻ" എന്ന Black Label ഉള്ളവനാണ്. വേല വേലായുധന്റെ അടുത്ത് നടക്കില്ല.
ഇതിനിടെ പുണ്യ ജന്മ രഹസ്യങ്ങളുടെ കലവറ തുറന്ന് രാവണ കുംഭകർണ സംഭവങ്ങളിലേക്ക് അറിയാതെ ഞാൻ വഴുതി വീണു...........

പരമശിവന്റെ മുൻപിൽ മഹാവിഷ്ണു മോഹിനീ രൂപത്തിൽ വന്നു "പാലാഴി കടഞ്ഞെടുത്തൊരഴകാണു ഞാൻ" എന്ന പാട്ടു പാടി നൃത്തമാടിയ പോലെ, ഉല്ലേഖണ്ണൻ മൺവിള മേഴ്സിയുടെ രൂപത്തിൽ "മധുവിധു രാവുകളേ സുരഭിലയാമങ്ങളേ മടിയിലൊരാൺ കുഞ്ഞിനെ താ"...............
എന്ന പാട്ടും പാടി എന്റെ മുൻപിൽ കച്ചിപ്പൊടി നൃത്തം ആടിയായിരുന്നു രാവണ ജന്മത്തിനു വഴി ഒരുക്കിയത് ................................ !!!!!
പക്ഷേ രാവണാവതാരത്തിനു പന്ത്രണ്ടു മാസങ്ങൾക്കു ശേഷവും വേറൊരു കുഞ്ഞിക്കാലു കാണാത്തതിൽ നിരാശനായ ഞാൻ, മുനിവര്യനും പണ്ഡിത ശ്രേഷ്ഠനും ആയ മഹാ ജ്യോതിഷി ആറ്റുകാൽ രാമകൃഷ്ണനെ അഭയം പ്രാപിച്ചു. ഈർഷ്യാനെറ്റ് ടീവിയിൽ അഴ്ച്ചതോറും വരാറുള്ള 'അനന്തിരവൻ അജ്ഞാതൻ' എന്ന ഡോക്ടറോടു ചോദിക്കാം പരിപാടിയിലേക്കു പ്രശ്നങ്ങൾ അവതരിപ്പിച്ചൊരു കത്ത് അയച്ചിട്ടു ഞങ്ങൾ കാത്തിരുന്നു......... അധികം താമസിയാതെതന്നെ മഹാജ്യോതിഷി കുറിയും തൊട്ട് പുണ്യ ലാപ്ടോപ്പുമായി ടീവീ സ്ക്രീനിൽ പ്രത്യക്ഷപ്പെട്ട്

ഞങ്ങളുടെ പ്രശ്നങ്ങൾക്ക് പരിഹാരം നിർദ്ദേശിക്കുന്നു:
'മദൻ മോഹൻ'...... 'നിങ്ങളുടെ കത്തു വായിച്ചു'....... 'ഗ്രഹനില നോക്കിയിട്ട് ചന്ദ്രൻ ഉച്ചിയിലും, കേതു കൊതുകുവലയ്ക്കകത്തും നിൽക്കുന്നതിനാൽ ഇപ്പോൾ സമയം അൽപം മോശമാണ്'.......... 'പരിഹാരത്തിനായി ഇവിടെവന്നു കാശടച്ച രസീതുകാണിച്ചാൽ വെമ്പായം, കാട്ടാക്കട എന്നീ പുണ്യസ്ഥലങ്ങളിൽ പൂജിച്ച ഒരു വിശിഷ്ട യന്ത്രം അയച്ചുതരാം'... 'അതുകൂടാതെ മണ്ണാറശാലയിൽ പോയി ഉരുളി കമഴ്ത്തൽ വഴിപാടു നടത്തുന്നതും ഉത്തമം ആണ്'.
"ശരി ഗുരോ അങ്ങനെതന്നെ ആവട്ടേ"..........................
മണിച്ചിത്രത്താഴിൽ KPAC ലളിത ഇന്നസെന്റിനെ അണിയിച്ചപോലെ, ആ പുത്രകാമേഷ്ടീ യന്ത്രം ഉണ്ണാതെ ഉരിയാടാതെ കമലു വന്ന് എന്റെ അരയിൽ കെട്ടി...... അതിനു ശേഷം ഞാൻ പോയി മണ്ണാറശാലക്കടുത്തുള്ള T.S.No.328 ഷാപ്പിലെ പോത്തിറച്ചി തയാറാക്കി വച്ചിരുന്ന ഉരുളി യെടുത്ത് ഒറ്റ കമഴ്ത്ത്....... ന്യൂരാജസ്ഥാൻ മാർബിൾസിന്റെ പരസ്യത്തിലെ സുമോ ഗുസ്തിക്കാരൻ കാണിക്കുന്നതുപോലെയുള്ള ഒരു പ്രയോഗം എന്റെ മുകളിൽ ഷാപ്പു കോണ്ട്രാവും ശിങ്കിടികളും നടത്തിക്കഴിഞ്ഞപ്പോൾ മഹാ ജ്യോതിഷി പ്രവചിച്ച പ്രകാരം പാപഗ്രഹത്തിന്റെ ദൃഷ്ടിയാലുള്ള അരിഷ്ടതകൾ എല്ലാം തീർന്ന് കുംഭകർണാവതാരത്തിനു വഴിയൊരുങ്ങുകയും ചെയ്തു.

"അപ്പാ..അഞ്ചരക്കുമുൻപേചെന്നാലേ Gold Coin കിട്ടുകയുള്ളൂ".... കുംഭകർണകുമാർ ഓർമ്മിപ്പിച്ചു. ഭരണാധികാരികളുടെ കാരുണ്യത്താൽ അൽപംകൂടി ആയുസ്സ് നീട്ടിക്കിട്ടിയ പ്രിയപ്പെട്ട Cressida പതിവു ചീറ്റലുകളും,തുമ്മലുകൾക്കും ശേഷം സ്റ്റാർട്ടായി വന്നപ്പോൾ തന്നെ അഞ്ചര കഴിഞ്ഞിരുന്നു. Cressida യുടെ മുൻ ഓണറായ ടാക്സിക്കാരൻ പട്ടാണി എന്നെ അന്വേഷിച്ചു നടക്കുകയാണെന്ന Intelligence Report കിട്ടിയ പ്രകാരം ശ്രദ്ധിച്ചാണു ഡ്രൈവ് ചെയ്യുന്നത്...... പടക്കം പൊട്ടിച്ചവർ എല്ലാം പാക്കിസ്ഥാനികൾ ആണെന്നു പാരവെച്ച് പാവപ്പെട്ട ഞമ്മളെ ഒറ്റികൊടുത്ത അജ്മൽ അജ്മാനിലുണ്ടായിരുന്ന ഒരു ആറന്മുളക്കാരനാണെന്ന് അസീഫലി സർദാരി പറഞ്ഞു പോലും.

ആറരയോടെ കൂടി 'India Club' ഇൽ കടന്നപ്പോൾ നാട്ടിലെ ഒരു ഉത്സവപ്പറമ്പിൽ എത്തിപ്പെട്ട പ്രതീതി....................... ആകെപ്പാടെ വളരെ കളർഫുൾ ആയ ഒരു അന്തരീക്ഷം........ മണ്ണെണ്ണ വിളക്കിന്റെ വെളിച്ചത്തിൽ നടത്തുന്ന കുലുക്കിക്കുത്തും, പന്നിമലർത്തലും, ആണുങ്ങളുടെ പെൺ വേഷത്തിലുള്ള കാബറേ ഡാൻസും കൂടി വേണ്ടിയിരുന്നു.

സ്റ്റേജിൽ വിജയകുമാർ സാറിന്റെ സെന്റോഫ് ചടങ്ങ് നടക്കുകയാണ്............ മണലാരണ്യത്തിൽ നിന്നും മടങ്ങുന്ന സാറിനു എല്ലാ ഭാവുകങ്ങളും ആശംസിച്ചു നിൽക്കുന്നതിനിടെ, നാളെ ഇങ്ങനെ മാന്യമായ ഒരു യാത്ര അയപ്പ് നമുക്കു പ്രതീക്ഷിക്കാമോ എന്നായി എന്റെ ചിന്ത........എവടെ ........ സോമാലിയൻ കൊള്ളക്കാരുടെ ആക്രമണം എല്ലാം അതിജീവിച്ച് ഗഫൂർക്കായുടെ ലോഞ്ചിൽ ഇവിടെ ഇറങ്ങുമ്പോൾ എന്തെല്ലാം പ്രതീക്ഷകൾ ആയിരുന്നു. ................................ വാചകം സെക്യൂരിറ്റീസിലെ ഫൈനാൻഷ്യൽ അഡ്വൈസർ ഷംസുക്കാ സെൻ 'സെക്സ്'......ന്റെ സൗന്ദര്യം വാതോരാതെ വിളമ്പിയപ്പോൾ ആദ്യം എനിക്കു ഭയങ്കര നാണം ആയിരുന്നു. ഭൂതക്കണ്ണാടി വച്ചാൽ പോലും കാണുവാൻ കഴിയാത്ത അക്ഷരങ്ങളോടുകൂടിയ ചില പേപ്പറുകളിൽ ഒപ്പിടീപ്പിച്ച് PAN കാർഡ്, KYC............ എന്നൊക്കെ പറഞ്ഞപ്പോൾ ഇതെന്തോ 'KFC' പോലത്തെ സാധനം ആയിരിക്കും എന്നാണു ഞാൻ കരുതിയത്.........ഷെയ്ക്കു കോളനിയിലെ സ്റ്റുഡിയോ അപ്പാർട്ട്മെന്റ് പാർട്ടീഷൻ നടത്തി മൂന്നു മലബാറി ഫാമിലിയേ കൂടെ താമസിപ്പിച്ചും, Cressida യിൽ രാവന്തിയോളം കാർ ലിഫ്റ്റ് അടിച്ചും, കമലുവിനേക്കൊണ്ട് ബേബി സിറ്റിങ്ങ് നടത്തിച്ചും സ്വരൂപിച്ചു വച്ചിരുന്ന ചിക്കിലി എല്ലാം ഷംസുക്കാ പറഞ്ഞതനുസരിച്ച് സ്റ്റോക്കിലും മ്യൂച്വൽ ഫണ്ടിലും കൊണ്ടിട്ടു. റിലയൻസ് പവർ,................ ടാറ്റാ ഇൻഫ്രാസ്ട്രക്ചർ,..... മറ്റേടത്തെ ഗ്രോത്ത്,............ മറിച്ചേടത്തെ വിഷൻ,.......... അവന്റമ്മേടെ തേങ്ങാക്കൊല ..ഹൊ എന്തൊരു

ബഹളം ആയിരുന്നു എന്നിട്ടിപ്പോൾ 'ഗോവിന്ദാ ഗോവിന്ദാ'...... പാട്ടുമാത്രം ബാക്കി. അതും പോരാഞ്ഞ് ഒടുക്കത്തെ ഒരു പിരിച്ചു വിടൽ ഭീഷണിയും......... "വേണ്ട മോനേ ദിനേശാ",.......... "ആവേശം കൊള്ളേണ്ട".... "ഇതു ഗൾഫാ"........... "നാളെ എന്താണെന്നു ഉടയതമ്പുരാനുപോലും പ്രവചിക്കാൻ പറ്റും എന്നു തോന്നുന്നില്ല"........... "നീ പോയി ഞമ്മടെ വെളുത്തുള്ളി അച്ചാറും കൂട്ടി കഴി മോനേ ദിനേശാ"...... "സാവാള കീറി കീറി കീറി".......

പണ്ടെങ്ങോ വാങ്ങിയ നെന്മണിയരിയുടെ ചാക്ക് ഒരു ഓർമ്മക്കായി സൂക്ഷിച്ചു വച്ചിരുന്നത് മനസില്ലാമനസോടെ കത്രിക വെച്ചാണു N.രാവൺകുമാറിനും, M.കുംഭകർണകുമാറിനും ഫാഷൻ ഷോയിൽ പങ്കെടുപ്പിക്കുവാനുള്ള കോട്ടും സ്യൂട്ടും ശരിയാക്കിയത്......... രണ്ടുകോവാലകുമാരന്മാരും ഇന്നും ഡബിൾ ആക്ടീവ് ആയിരിക്കുന്നത് എന്താണെന്ന് പ്രത്യേകം ചോദിക്കേണ്ടതുണ്ടോ? എന്തെങ്കിലും ആയിക്കോട്ടെ, ഇന്നു കമലുവിൽ നിന്നും സ്വാതന്ത്ര്യം കിട്ടിയ ദിനമല്ലേ. അവന്മാരെ അവരുടെ പാട്ടിനു വിട്ടിട്ട് ഞാൻ T.S.No.10/639 ന്റെ സ്പെഷ്യൽ ബ്രാഞ്ച് ലക്ഷ്യമാക്കി നീങ്ങി. കൗണ്ടറിനു മുൻപിൽ കഴിഞ്ഞ കേര ഓണസദ്യയെ അനുസ്മരിപ്പിക്കുമാറുള്ള ഇടിയാണ്.... ഞാൻ ആരു മോൻ... CET യുടെ പ്രശസ്തി ലോകമെങ്ങും പ്രചരിപ്പിച്ചുകൊണ്ടിരിക്കുന്ന 'അയ്യപ്പ ബൈജു' മാരുമായി ഇനിയും ഒരങ്കത്തിനു ബാല്യം ഉണ്ടെന്ന് തെളിയിച്ചു കൊണ്ടങ്ങനെ വിലസി നിന്നു........

സ്റ്റേജിൽ കുമാരന്മാരുടെയും കുമാരികളുടെയും ഫാഷൻ ഷോ നടക്കുന്നതിനിടെ സ്റ്റേജിനുപുറത്ത് ഗർഭിണികൾ വയറുകാണിക്കാൻ പോകുന്നതു പോലെ ഒരു ചടങ്ങും നടക്കുന്നുണ്ടായിരുന്നു. ജേക്കബ്സാർ, ഉല്ലേഖണ്ണെ ഇവരെപിൻതള്ളി ഞാൻ മുന്നേറിയെങ്കിലും, ഇതൊരു ഗോമ്പറ്റീഷൻ ഐറ്റം അല്ലാത്തതിനാൽ ഗപ്പൊന്നും കിട്ടിയില്ല. കഷ്ടമായിപ്പോയി....കഴിഞ്ഞ ഓണപ്പരിപാടിക്കു കിട്ടിയ ഗപ്പ്, Cressida ട്രാഫിക് ബ്ലോക്കിൽ പെട്ടു മണിക്കൂറുകൾ കിടക്കുമ്പോൾ ഉപയോഗപ്പെട്ടിരുന്നു. പക്ഷേ ദുബായ് മുനിസിപ്പാലിറ്റിക്കാർ വന്ന് രോഗാണുക്കളുടെ അംശം കൂടുതലുണ്ടെന്നു പറഞ്ഞ് ഇത്രപെട്ടെന്ന് അത് കണ്ടുകെട്ടുമെന്നു വിചാരിച്ചിരുന്നില്ല.

T.S.No.10/639 ലെ സപ്ലയർ, അവനും എനിക്കും മാത്രം അറിയാവുന്ന ആംഗ്യ ഭാഷയിൽ സൗഹൃദത്തിലായതോടെ സ്റ്റേജുപ്രോഗ്രാമുകൾക്കും ഒരൽപം കൊഴുപ്പുകൂടിയതായി തോന്നി. പെട്ടെന്നാണെന്റെ ദൃഷ്ടികൾ കാണികളുടെ മുൻ നിരയിൽ പതിച്ചത്............
അല്ലാ സാറാമ്മ മേനോനല്ലേ മാജിക് ഷോ കണ്ട് കൈയടിച്ചുകൊണ്ടിരിക്കുന്നത്. ????
അപ്പോൾ ടെന്നിയുടെ ലിസ്റ്റിൽ പേരുകൊടുക്കാതിരുന്നത് കൊച്ചാട്ടനെ സർപ്രൈസാക്കാൻ വേണ്ടിയായിരുന്നല്ലേ............ കൊച്ചു കള്ളി...............
തണുത്തിരുന്ന എഞ്ചിൻ പെട്ടെന്നു സ്റ്റാർട്ടാക്കി റെയിസു ചെയ്തു നിർത്തിയതുപോലെ ആയ ഞാൻ ........"അട പുട പുട പുട പുട സ്റ്റയിൽ"........ "ചട പെട പെട പെട പെട സ്റ്റയിൽ".......... എന്ന പാട്ടും പാടി ഒരു മാൽബറോ എടുത്തു മുകളിലേക്ക് കറക്കി എറിഞ്ഞ് വായും പൊളിച്ചു കാത്തിരുന്നു. ഞൊടിയിടക്കുള്ളിൽ വളരെ കറക്റ്റ് ആയിത്തന്നെ അതു വന്നു മൂക്കിൽ പതിച്ചു.
"ഇപ്പോളാണു ശരിക്കുള്ള ഗജകേസരിയോഗം" എന്നു പറഞ്ഞ് ഉല്ലേഖണ്ണൻ വേറൊരു മാൽബറോ മറ്റേ മൂക്കിൻ ദ്വാരത്തിൽ തിരുകിയതോടെ സംഗതി ഗംഭീരമായിത്തന്നെ ചീറ്റി.
ഇതിനിടെ മസ്തിഷ്കത്തിൽ അവിയൽ കയറിയവനേപ്പോലെ ആയിക്കഴിഞ്ഞിരുന്ന ഞാൻ ഒന്നുകൂടി മുൻ നിരയിലേക്കു നോക്കി.
ങേ ഇതെന്ത് അൽഭുതം?................ കലി നളന്റെയടുത്ത് കലിപ്പുകാട്ടി multiple ദമയന്തിമാരെ കാണിച്ചതുപോലെ അതാ അഞ്ചു സാറാമ്മ മേനോൻസ്.........
കുഴപ്പമായല്ലോ , ..........ഇതിൽ ഏതാണു original ?
ഇനി പ്രൊഫസർ പുഷ്കരൻ സാറിന്റെ ശാപം ഫലിച്ചതാകുമോ. ???
ഏയ് അതാകാൻ വഴിയില്ല . 100 തേങ്ങാ കൊടുത്ത് പണ്ടു തന്നെ ശാപമോക്ഷം നേടിയതല്ലേ.

"കൺഫ്യൂഷൻ തീർക്കണമേ"............. എന്നു ദൈവത്തോടു പ്രാർത്ഥിക്കുന്നതിനിടെയാണു ന്യൂ ഇയർ കേക്ക് കട്ടു ചെയ്ത പിച്ചാത്തി ദൃഷ്ടിയിൽ പെട്ടത്.
ങാ ഒരു ഐഡിയ... S8 ഇൽ സാറാമ്മ മേനോൻ കട്ടിയായിരുന്നപ്പോൾ ഇങ്ങനെ ഒരു പിച്ചാത്തി പിഴിഞ്ഞ് വെള്ളം വരുത്തുന്ന മാജിക്കു കാട്ടിയാണു വീണ്ടും ദോസ്ത്തി ആക്കിയത്. ഇപ്പോൾ ആ നമ്പർ ഒന്നുകൂടി കാണിച്ചാൽ original സാറാമ്മ മുൻ നിരയിൽ നിന്നും slow motion ൽ ഓടി എന്റെ അടുത്തു വന്നു നെടുവീർപ്പിടും.
"എന്നാൽ സുരേഷേ അനൗൺസ് ചെയ്തോ"..... എന്നു പറഞ്ഞ് വെള്ളം ശേഘരിച്ചു വെക്കാനുള്ള സ്പോഞ്ചും അന്വേഷിച്ച് ഞാൻ ഇറങ്ങി......... എവിടെ കിട്ടാൻ..........??.
അവസാനം ഫാഷൻഷോയ്ക്കു പിള്ളാരേ ഒരുക്കുന്ന സ്ഥലത്ത് ഒരു നൂൽക്കെട്ടിരിക്കുന്നതു കണ്ടു.
ങാ നൂലെങ്കിൽ നൂൽ. വേഗം ബാത്ത് റൂമിൽ പോയി അത് വെള്ളത്തിൽ മുക്കി ഒളിപ്പിച്ചു വച്ചതിനു ശേഷം......."മാന്ത്രികൻ മഹാ മാന്ത്രികൻ"......... എന്ന കടമറ്റത്തു കത്തനാരുടെ ബാക്ക്ഗ്രൗണ്ട് മ്യൂസിക്കുമായി ഞാൻ സ്റ്റേജിൽ പ്രത്യക്ഷപ്പെട്ടു.
തള്ളവിരൽ പിഴുതു കളയുന്ന അതിസാഹസികമായ ചില നമ്പറുകൾ അവതരിപ്പിച്ച ശേഷം നമ്മുടെ മാസ്റ്റർ പീസായ പിച്ചാത്തി പിഴിഞ്ഞ് വെള്ളം വരുത്തുന്ന ചടങ്ങിലേക്ക് ഞാൻ കടന്നു. കുംഭകർണകുമാറിനെ സ്റ്റേജിൽ വിളിച്ച് ആൾക്കാരുടെ ശ്രദ്ധ തിരിക്കാനുള്ള സംഗതികൾ ഒപ്പിക്കുന്നതിനിടെ അരും കാണാതെ വെള്ളത്തിൽ മുക്കിയ നൂൽക്കെട്ടു ഞാൻ കൈക്കലാക്കി.
അതാ നൂൽക്കെട്ടും ചേർത്തു പിടിച്ച് ഞാൻ പിച്ചാത്തി ആഞ്ഞു പിഴിയുകയാണ്.
"എന്റീശ്വരാ വെള്ളം വരുന്നില്ലല്ലോ........... ?"
"അയ്യേ.......... ഇതിപ്പോൾ വെളുക്കാൻ തേച്ചതു പാണ്ടായ പോലുണ്ടല്ലോ."........
എങ്കിലും ഒന്നുകൂടി ആഞ്ഞു പിഴിഞ്ഞു നോക്കാം........ "ങേ.......ഹേ....രക്ഷയില്ല."
ഇതിനിടെ പിൻ നിരയിൽ നിന്ന് ചെറിയ രീതിയിൽ കൂവലുകളും തുടങ്ങിക്കഴിഞ്ഞിരുന്നു.
കാര്യ ഗൗരവം മനസിലാക്കിയ കുംഭകർണകുമാർ പതുക്കെ എന്റെ ചെവിയിൽ പറഞ്ഞു
"അപ്പാ അപ്പൻ ബുദ്ധിമുട്ടണമെന്നില്ല"
"മാജിക്കിനു കൊണ്ടുവന്ന വെള്ളമെല്ലാം അപ്പന്റെ പോക്കറ്റീന്ന് ഒലിച്ചിരുപ്പുണ്ട്"
പിന്നെ അപ്പന്റെയും മോന്റെയും തടി രക്ഷിക്കുക എന്ന ഒറ്റ മാർഗമേ മുന്നിൽ കണ്ടുള്ളു.
ശെ...കഷ്ടമായിപ്പോയി....പ്രൊഫസർ മഹേന്ദ്ര രാജിന്റെ അരുമ ശിഷ്യനായ ഞാൻ...'മഹാ മാന്ത്രികൻ' എന്ന ഇമേജെല്ലാം കളഞ്ഞുകുളിച്ചില്ലേ.

ടാന്റെക്സിനു തീപിടിച്ചാലെന്നപോലെ കുതിക്കുന്നതിനിടെ കാണികളുടെ മുൻ നിരയിലേക്കു ഒരിക്കൽ കൂടി ഞാനൊന്നു ചെറഞ്ഞു.
അതാ ഇതിനെല്ലാം കാരണക്കാരിയായ സാറാമ്മ മേനോൻ 'പുഞ്ഞിച്ചു' നിന്ന് ചിരിക്കുന്നു.
"നീ നിന്ന് കിണിക്കുകയും ഒന്നും വേണ്ടാ"....... "നിനക്കു ഞാൻ വച്ചിട്ടുണ്ട്"........
"നിർത്തി"..... "ഞാൻ നിന്നേ ഡൈവേർസ് ചെയ്യാൻ തീരുമാനിച്ചു".
"S3 യിൽ എനിക്ക് അസൈൻമന്റ് എഴുതിത്തന്നിരുന്ന 'ആയിഷാ പോറ്റി' റാസൽഖൈമയിൽ എത്തിയിട്ടുണ്ട്".
"നീ നോക്കിക്കോ എങ്ങനെയാണു പഴയ ഓർമ്മകൾ വച്ചു നെടുവീർപ്പിടുന്നതെന്നു ഞങ്ങൾ കാണിച്ചു തരാം".
"കേ.........." "ഈ.........." (പാഴിപ്പിച്ചു കാണിക്കുന്നു)

<u>വാൽക്കഷ്ണം</u>
തീർന്നില്ല............
അതിനുമുൻപേ ദേ CETAYAAN ന്റെ count down ഉം ആയി ജോഷി എത്തിയിരിക്കുന്നു.
വേല മനസ്സിലിരിക്കട്ടെ.........
പണ്ട് റഷ്യക്കാർ ലൈക്കയെ ബഹിരാകാശത്തയച്ച് പരീക്ഷണം നടത്തിയതുപോലെ ആൾക്കാർക്കൊക്കെ ഒരു പാരയായി മാറിയിരിക്കുന്ന എന്നെ കയറ്റി അയക്കാനല്ലേ. ഞാനില്ലേ....